# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5492** — 24.05.2017 — ൽ മറുപടിക്ക്

## എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ഐ.സി. ബാലകൃഷ്ണൻ :** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്ക് മുൻഗണനാ പട്ടികയിൽ റേഷൻ കാർഡ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) എൻഡോസൾഫാൻ ദുരിത ബാധിത പട്ടികയിൽ ഉൾപ്പെട്ട ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്ത റേഷൻ കാർഡുടമകളെ മാരകരോഗം ബാധിച്ച വ്യക്തി/വ്യക്തികൾ ഉള്ള കുടുംബം എന്ന മാനദണ്ഡത്തിൽ ഉൾക്കൊള്ളിച്ച് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ദുരിതബാധിതരുടെ കടബാധ്യതകൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) ഉണ്ട്. 28.10.2017-ലെ സ.ഉ(കൈ)നം.552/2016 റവ. പ്രകാരം കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിതർ റവന്യൂ റിക്കവറി നിയമം വകുപ്പ് 71 ബാധകമായുള്ള സ്ഥാപനങ്ങളിൽ നിന്നും ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള എല്ലാ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 26.10.2017 വരെ മോറട്ടോറിയം അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*